(സി) പട്ടികജാതിക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ള കടങ്ങളാണ് 12-11-2009-ലെ സ.ഉ. (അച്ചടി) നമ്പർ 100/2009/പ.ജ.പ.വ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എഴുതി തള്ളിയത്. 10-3-2013-ലെ സ.ഉ. (അച്ചടി) 99/13/പജപവവിവ/നമ്പർ ഉത്തരവ് പ്രകാരമുള്ള കടം എഴുതിത്തള്ളൽ പദ്ധതിയുടെ ആനുകൂല്യം അനുവദിച്ച് നൽകിയത് ഈ വിഭാഗക്കാർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് എന്നിവിടങ്ങളിൽ നിന്നും എടുത്ത വായ്പകൾക്കാണ്.

(ഡി) ഇതിലേയ്ക്കായി 2011-2012 വർഷം 100 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 9,651 രൂപ ചെലവഴിച്ചു. 2013-2014, 2014-2015 വർഷങ്ങളിൽ ടി പദ്ധതികൾക്കായി യാതൊരു വകയിരുത്തിയിരുന്നില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് ടി യാതൊരു കണ്ടെത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ വിവരിക്കുന്ന പ്രകാരം യാതൊരു വായ്പ എഴുതിത്തള്ളൽ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

2011- 2012	-	9,651/-
2013-2014	-	17,89,02,566/-
2014-2015	-	12,33,00,000/-
ആകെ		3022.122 ലക്ഷം രൂപ

(ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം

272 (4558) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വീടില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നും ഇതിൽ 2014-'15 വർഷം എത്ര വീടുകൾ കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ;

(ബി) ഭവന നിർമ്മാണത്തിനുള്ള ധനസഹായം വീട് ഒന്നിന് 3 ലക്ഷം രൂപയാക്കിയതിനുശേഷം എത്ര വീടുകൾക്കാണ് യാതൊരു കൊടുത്തിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2009-10-ലെ 'കില'യുടെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 25154 പട്ടികജാതി കുടുംബങ്ങൾ ഭവനരഹിതരായിട്ടുണ്ട്.

4000 വീടുകൾക്കാണ് 2014-15-ൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) ഭവന നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിച്ച ശേഷം 4000 വീടുകൾ അനുവദിച്ചു. ഇവർക്ക് ഒന്നാം ഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2007-08 മുതൽ 2013-14 വരെ അനുവദിച്ചതിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകി വരുന്നു.

(സി) ഭവന നിർമ്മാണ ധനസഹായം 2014 ജൂലൈയിൽ 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചശേഷം അനുവദിച്ച 4000 വീടുകൾക്ക് ഒന്നാം ഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടികജാതി വിജ്ഞാൻവാടികൾ

273(4559) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിജ്ഞാൻവാടികളെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; സംസ്ഥാനത്ത് ഇതുവരെ പട്ടികജാതി വിജ്ഞാൻവാടികൾ എത്രയെണ്ണം സ്ഥാപിച്ചു എന്നും ഇതുവഴി എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാവുക എന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ തുടർപ്രവർത്തനങ്ങൾ എങ്ങനെയെന്നും സംസ്ഥാനത്ത് ആകെ എത്ര വിജ്ഞാൻവാടികളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്ന 70 വിജ്ഞാൻവാടികൾക്കു പുറമേ രണ്ടാം ഘട്ടത്തിൽ 2014 നവംബർ മാസം വരെ 48 വിജ്ഞാൻവാടികൾ കൂടി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ആനുകാലിക വിജ്ഞാന സമ്പാദനത്തിനും തൊഴിൽരഹിതരായ

LIBRARY ARCHIVES Kerala Legislative Assembly